"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.സുർജിത്.എം, അസിസ്റ്റന്റ് ഡയറക്ടർ , ഗ്രാമവികസന വകുപ്പ് എന്നവരുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2478/2023/LSGD തീയതി,തിരുവനന്തപുരം, 13-12-2023

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ.
2. 28/11/2013 തീയതിയിലെ സ.ഉ.(പി)നം.580/2013/ധന
3. 29/10/2018-ലെ സ.ഉ.(സാധാ)നം.2765/2018/തസ്വഭവ.
4. 23/05/2020-ലെ സ.ഉ.(സാധാ)നം.950/2020/തസ്വഭവ.
5. 16/01/2021-ലെ സ.ഉ.(സാധാ)നം.104/2021/തസ്വഭവ.
6. 08/12/2021-ലെ സ.ഉ.(സാധാ)നം.2516/2021/തസ്വഭവ
7. 18/04/2023-ലെ സ.ഉ.(സാധാ)നം.893/2023/തസ്വഭവ
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31/10/2023 - ലെ I/100822/2023 നം. കത്ത്.

**ഉത്തരവ്**

ശ്രീ.സുർജിത്.എം, സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ 14/11/2018 മുതൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം 4 മുതൽ 7 വരെ ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച നൽകുകയും ചെയ്തിരുന്നു. ടിയാൾ അന്യത്രസേവനത്തിൽ 13/11/2023-ന് 5 വർഷം പൂർത്തീകരിക്കുകയാണെന്നും എന്നാൽ നവ കേരള സദസ്സിന്റെ ധർമ്മടം ഗ്രാമപഞ്ചായത്തിലെ ഏകോപന പ്രവർത്തനങ്ങൾക്കായി കണ്ണൂർ ജില്ലാ കളക്ടർ ടിയാനെ ചുമതലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ കണ്ണൂർ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ പുതിയ നിയമനം നടത്തുന്നതു വരെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശ്രീ.സുർജിത്.എം അപേക്ഷിച്ചിട്ടുള്ളതായും പുതിയ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതിനാലും, ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഇല്ലാതെ വരുന്നത് കുടുംബശ്രീ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാലും, നവകേരള സദസ്സിന്റെ ധർമ്മടം ഗ്രാമപഞ്ചായത്തിലെ ഏകോപന പ്രവർത്തനങ്ങൾക്കായി ശ്രീ സുർജിത്.എം നെ കണ്ണൂർ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും, കണ്ണൂർ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ

തസ്തികയിൽ പുതിയ നിയമനം നടത്തുന്നതു വരെ ശ്രീ സുർജിത്.എം, അസിസ്റ്റന്റ് ഡയറക്ടർ , ഗ്രാമവികസന വകുപ്പ് എന്നവരുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം (8) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സുർജിത്.എം, അസിസ്റ്റന്റ് ഡയറക്ടർ, ഗ്രാമവികസന വകുപ്പ് എന്നവരുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) -യിലെ പരമാവധി അന്യത്ര സേവന കാലയളവ് സംബന്ധിച്ച വ്യവസ്ഥയിൽ ഇളവ് നൽകി ടി ചട്ടത്തിലെ മറ്റു വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 14/11/2023 മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ സുർജിത്.എം, അസിസ്റ്റന്റ് ഡയറക്ടർ , ഗ്രാമവികസന വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/411/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 14-12-2023 11:23:08